
# ചർച്ച് ബുള്ളറ്റിൻ സെപ്റ്റംബർ-2009



അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളിയിട്ടുള്ള (പരിശുദ്ധ പത്രോസ് ശ്ലീഹാ മുതൽ ഇപ്പോഴത്തെ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ വരെ) പാത്രിയർക്കീസ് ബാവാമാരുടെ ക്രമ പട്ടിക.

## സെപ്റ്റംബർ 14

വി. സ്ലീബാ പെരുന്നാളും മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 29-ാം സ്ഥാനാരോഹണ വാർഷികവും.



## വികാരിയച്ചന്റെസന്ദേശം

ആരൺ റാൽസ്റ്റോൺ ഇന്റൽ കോർപ്പറേഷനിലുള്ള തന്റെ ജോലി 2003–ൽ രാജിവെച്ചു. അവിശ്വസനീയമായ വേതനം ലഭിച്ചിരുന്ന തന്റെ ഉദ്യോഗം ആരൺ തൃണവൽഗണിച്ചത് പർവ്വതാരോഹണത്തിൽ തനിക്കുള്ള കമ്പം നിമിത്തമാണ്. എന്നാൽ, അവസാനം അത് അയാളെ മരണത്തിന്റെ വക്കിലെത്തിച്ചു. മരണത്തിൽ നിന്നും കഷ്ടിച്ചു രക്ഷപെട്ട ആരണിന്റെ ഉദ്വേഗനിർഭരമായ അനുഭവത്തിലുമുണ്ട് നമുക്കുള്ള ഒരു സന്ദേശം!

പർവ്വതാരോഹണത്തിനുള്ള ഉപകരണങ്ങളുടെ സഹായത്തോടെ കടുന്തൂക്കായ പാറക്കെട്ടിനുമുകളിൽ കയറിപ്പറ്റുകയും പാറയിടുക്കുകളിലേക്ക് സ്റ്റീൽ–റോപ്പിലൂടെ ഊർന്നിറങ്ങുകയുമായിരുന്നു ആരണിന് ഏറ്റവും ഹരമുള്ള ഹോബി.

അമേരിക്കലിലെ കൊളറാഡോ സംസ്ഥാനത്തിൽ പതിന്നാലായിരം അടിയിൽ കൂടുതൽ ഉയരമുള്ള നാൽപ്പത്തൊൻപത് പർവ്വതങ്ങളുണ്ട്. അവയിൽ ഒന്നാണ് ബ്ലൂ ജോൺ കാന്യോൻ. 2003 ഏപ്രിൽ മാസം 26–ന് ആരൺ ഏകനായി ഈ പർവ്വതത്തിൽ നടത്തിയ അഭ്യാസമാണ് അദ്ദേഹത്തെ അപകടത്തിലെത്തിച്ചത്. പാറക്കെട്ടുകൾക്കിടയിലൂടെ മുകളിലേക്ക് കയറിക്കൊണ്ടിരുന്ന ആരൺ തന്റെ വലംകൈ ഒരു പാറയിടുക്കിൽ ഉറപ്പിച്ചപ്പോൾ നാലു ക്വിന്റലിലധികം ഭാരമുള്ള ഒരു പാറ മുകളിൽ നിന്നും ഊർന്നുവന്ന് ആ കൈയിൽ പതിച്ചു. ഭാരമേറിയ പാറയ്ക്കടിയിൽപെട്ട് ആരണിന്റെ വലംകൈ മുട്ടിനു താഴെ ചതഞ്ഞരഞ്ഞു.

വിജനമായ ആ പർവ്വതത്തിൽ ആരൺ കുടുങ്ങിയ കാര്യം ആരും അറിഞ്ഞില്ല. ശനിയാഴ്ച മുതൽ അഞ്ചു ദിവസങ്ങൾ മരണവേദനയോടെ കാത്തിരുന്നിട്ടും ആരും തന്റെ രക്ഷയ്ക്ക് എത്തിയില്ല. ദിവസങ്ങളായുള്ള കഠിന വേദനയും വിശപ്പും ദാഹവും എല്ലാം നിമിത്തം തളർന്നുപോയ ആരണിന് ഒരുകാര്യം ബോധ്യമായി, ഒന്നുകിൽ പാറക്കെട്ടിൽ കുടുങ്ങിയ കൈ എടുക്കാനാവാതെ ആ പർവ്വതത്തിൽ ഒടുങ്ങുക, ഇല്ലെങ്കിൽ പാറയിടുക്കിൽ അകപ്പെട്ട കൈ മുറിച്ചുമാറ്റി രക്ഷപെടുക, ഇതല്ലാതെ വേറൊരു മാർഗ്ഗം തന്റെ മുമ്പിൽ ഇല്ല!

അവസാനം, തന്റെ വലംകൈയോട് കടുംകൈ ചെയ്യാൻ തന്നെ ആരൺ തീരുമാനിച്ചു. ഇടംകൈകൊണ്ട് അരയിൽ ഘടിപ്പിച്ചിരുന്ന പേനാക്കത്തി അദ്ദേഹം കൈക്കലാക്കി. അൽപ്പസമയത്തിനുള്ളിൽ വലംകൈ സ്വയം മുറിച്ചുമാറ്റിയ ആരൺ സ്വതന്ത്രനായി.

ഏഴുമൈലുകൾ നടന്നാണ് ആരൺ ജനവാസമുള്ള സ്ഥലത്തെത്തിയത്. അധികാരികൾ ഉടൻതന്നെ ഹെലികോപ്റ്റർ മുഖേന അദ്ദേഹത്തെ ഗ്രാന്റ് ജംഗ്ഷനിലുള്ള സെയിന്റ് മേരീസ് ഹോസ്പിറ്റലിലെ തീവ്രപരിചരണ വിഭാഗത്തിലെത്തിച്ചു. ആരണിനെക്കുറിച്ച് വിവിധമേഖലയിലുള്ള വിദഗ്ദർ അഭിപ്രായപ്പെട്ടത്, കൈ മുറിച്ചുമാറ്റിയിരുന്നില്ലെങ്കിൽ ആരൺ അധികസമയം ജീവിച്ചിരിക്കയില്ലായിരുന്നു എന്നാണ്.

ഹെലികോപ്റ്റർ പൈലറ്റ് ടെറി മെർസറിന്റെ അഭിപ്രായത്തിൽ ആരൺ തലനാരിഴയ്ക്കാണ് രക്ഷപെട്ടത്. 'ആരൺ അകപ്പെട്ട പാറയിടുക്ക് ഞങ്ങൾ ഹെലികോപ്റ്ററിൽ കണ്ടെത്താൻ

നോക്കി. പുറത്തേക്കു തള്ളിനിൽക്കുന്ന മുനമ്പു കാരണം മുകളിൽ നിന്നും ആ സ്ഥലം കാണുക അസാധ്യമായിരുന്നു.'' അദ്ദേഹം എ.ബി.സി. ന്യൂസിനോട് പറഞ്ഞു.

സുഹൃത്തുക്കളേ, ആരണിന്റെ ജീവിതത്തിൽ വിധിനിർണ്ണായകമായ ഒരു ഘട്ടമുണ്ടായി. രണ്ടുകൈയോടെ മരിക്കുക, ഇല്ലെങ്കിൽ ഒരുകൈയോടെ ജീവിക്കുക. ഒറ്റകൈയനായി ജീവിക്കുവാനാണ് അദ്ദേഹം തീരുമാനിച്ചത്. 'വലംകൈ നിനക്ക് ഇടർച്ചവരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളയുക; നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ.'' (മത്തായി 5:30) എന്ന വാക്യത്തിന്റെ ശരിയായ അർത്ഥം ഒരുപക്ഷേ, ആരണിന് മനസ്സിലാകുന്നതുപോലെ മനസ്സിലായിട്ടുള്ളവർ ചുരുക്കമായിരിക്കും.


നാം അക്ഷരികമായി കൈയും കാലും വെട്ടിക്കളയണമെന്നല്ല കർത്താവ് ഈ വചനത്തിലൂടെ അർത്ഥമാക്കിയത്. പാപത്തിന്റെ കുടുക്കിൽ നാം അകപ്പെട്ട് നിത്യമരണത്തിന് ഇരയാകാതിരിക്കേണ്ടതിന്, പാപത്തോടുള്ള പോരാട്ടത്തിൽ, എന്തുകടുംകൈയും ചെയ്‌വാൻ കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. നമ്മെ പാപത്തിന് അടിമകളാക്കുവാൻ സാധ്യതയുള്ള ശീലങ്ങൾ, സുഹൃത്തുക്കൾ, സാഹചര്യങ്ങൾ എല്ലാം എല്ലാം അറുത്തുമാറ്റി സ്വാതന്ത്ര്യത്തോടെ ജീവിപ്പാൻ ദൈവം ഏവർക്കും കൃപ തരുമാറാകട്ടെ.

എന്ന് നിങ്ങളുടെ പോൾ അച്ചൻ

---

നമ്മുടെ ഇടവാകാംഗം ജിയോ എൽദോ ജോർജ്ജും *[G-018],* പുതുപള്ളി വാഴയിൽ ആൻഡ്രൂസിൻെറ മകൾ നിയ അന്ന ആൻഡ്രൂസും തമ്മിൽ 12-07-2009-ന് കടമറ്റം സെൻറ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് വിവാഹിതരായി. നവ ദമ്പതികൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

## Cartoon Corner




If you do what is right, will you not be accepted? But if you do not do what is right, sin is crouching at your door; it desires to have you, but you must rule over it. – Genesis 4:6-7 MSG




Ask and it will be given to you; seek and you will find; knock and the door will be opened to you. – Matthew 7:7 NIV

# Announcements

വി. സ്ലീബാ പെരുന്നാളും, മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 29–ാം സ്ഥാനാരോഹണ വാർഷികവും സെപ്റ്റംബർ *14*–ന്. (വിശുദ്ധ കുർബ്ബാനയും പാത്രിയർക്കാ പതാക ഉയർത്തലും സെപ്റ്റംബർ *13* ഞായറാഴ്ച വൈകീട്ട് 7:30–ന് നടത്തപെടുന്നു.)

യൂത്ത് അസ്സോസിയേഷൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 54–ാമത് *chain prayer* സെപ്റ്റംബർ 15–ാം തീയ്യതി ചൊവ്വാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ച് 16–ാം തിയ്യതി ബുധനാഴ്ച മധ്യസ്ഥ പ്രാർത്ഥനയോടെ അവസാനിക്കുന്നു.

ഈ മാസത്തെ *cottage prayer meeting* (ഭവന പ്രാർത്ഥനാ യോഗം) 2009 സെപ്റ്റംബർ 25 വെള്ളിയാഴ്ച വൈകീട്ട് 7:30–ന് പള്ളിയിൽവച്ച് നടത്തപ്പെടുന്നു.ഈ മാസത്തെ *cottage prayer meeting* ഏറ്റെടുത്ത് നടത്തുന്നത് ശ്രീ പി. വി മാത്തുക്കുട്ടി.

കോതമംഗലത്ത് കബറടങ്ങിയിരിക്കുന്ന മഹാ പരിശുദ്ധനായ എൽദോ മാർ ബസ്സേലിയോസ് ബാവായുടെ ഓർമ്മപെരുന്നാൾ 2009 ഒക്ടോബർ 1,2 (വ്യാഴം, വെള്ളി) തീയ്യതികളിൽ പൂർവ്വധികം ഭംഗിയായി കൊണ്ടാടുവാൻ കർതൃനാമത്തിൽ പ്രത്യാശിക്കുന്നു. പെരുന്നാൾ ഏറ്റുകഴിക്കുവാൻ ആഗ്രഹിക്കുന്നവർ പേരുകൾ ഓഫീസിൽ കൊടുക്കേണ്ടതാണ്.

ഈ വർഷത്തെ *Church Picnic* ഒക്ടോബർ *16* വെള്ളിയാഴ്ച നടത്തപ്പെടുന്നു. ആയതിനാൽ ഒക്ടോബർ 16–ാം തീയ്യതിയിലെ വി. കുർബ്ബാന 15–ാം തീയ്യതി വ്യാഴാഴ്ച വൈകീട്ട് 7:30 ന് ആയിരിക്കും. പിക്നിക്കിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേരുകൾ ഓഫീസിൽ കൊടുക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഓഫിസുമായി ബന്ധപ്പെടുക.

നമ്മുടെ ഇടവകാംഗം *Mr. Roy T Thomas [R-011]*-ൻെറ ഭാര്യാ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു. കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുന്നതിനോടൊപ്പം പരേതാത്മാവിൻെറ ആത്മശാന്തിക്കായ് പ്രാർത്ഥിക്കുന്നു.

നമ്മുടെ ഇടവകാംഗം *Mr. K. O. Abraham [A-007]*-ൻെറ ഭാര്യാ മാതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു. കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുന്നതിനോടൊപ്പം പരേതാത്മാവിൻെറ ആത്മശാന്തിക്കായ് പ്രാർത്ഥിക്കുന്നു.

## യാത്രാ മംഗളങ്ങൾ യാത്രാ മംഗളങ്ങൾ യാത്രാ മംഗളങ്ങൾ




കഴിഞ്ഞ മൂന്ന് പതിറ്റാണ്ടു കാലം നമ്മുടെ ഇടവകാംഗമായിരുന്ന്, പ്രവാസ ജീവിതം അവസാനിപ്പിച്ച് സ്വന്ത നാട്ടിലേക്കു തിരിച്ചു പോകുന്ന ശ്രീ. സണ്ണി ജോസഫിനും *[S-001]* കുടുംബത്തിനും എല്ലാവിധ യാത്രാ മംഗളങ്ങളും ആശംസിക്കുന്നതോടൊപ്പം അദ്ദേഹത്തിൻെറ ഭാവി ഉദ്യമങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.



കഴിഞ്ഞ രണ്ടര പതിറ്റാണ്ടു കാലം നമ്മുടെ ഇടവകാംഗമായിരുന്ന്, പ്രവാസ ജീവിതം അവസാനിപ്പിച്ച് സ്വന്ത നാട്ടിലേക്കു തിരിച്ചു പോകുന്ന ശ്രീ. ജോസഫ് തോമസ്സിനും *[J-004]* കുടുംബത്തിനും എല്ലാവിധ യാത്രാ മംഗളങ്ങളും ആശംസിക്കുന്നതോടൊപ്പം അദ്ദേഹത്തിൻെറ ഭാവി ഉദ്യമങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

## *HEARTY WELCOME TO NEW BORNS*

Our member Mr. Saiju C Thomas & Family [S-028] have been blessed with a baby boy & named Basil. SaijuThomas. Congratulations



Our member Mr. Benny P Mathew & Family [B-021] have been blessed with a baby girl & named Bisha Benn Mathew. Congratulations

Our member Mr. Sony Abraham & Family [S-040] have been blessed with a baby boy. Congratulations



Our member Mr. Benny Varghese & Family [B-047] have been blessed with a baby girl. Congratulations



Our member Mr. Vinoy C Abraham & Family [V-014] have been blessed with a baby boy & named Evin C Vinoy. Congratulations



# SUMMER CLASS PICNIC-2009













## വിശുദ്ധ മറിയാമിൻെറ മാതാപിതാക്കൾ

തമ്പുരാനെപ്പെറ്റയമ്മയുടെ മാതാപിതാക്കളായ ദൈവഭക്തരായിരുന്ന യൂയാക്കിമും, ഹന്നായും ദാവീദ് ഗോത്രത്തിൽപ്പെട്ടവരായിരുന്നു.

ഗലീല സ്വദേശികളായിരുന്ന ഇവർ ഇവരുടെ വാർദ്ധക്യത്തിൽ ഊർശ്ലേമിൽ വന്ന് താമസിച്ചു. ഏറെ പ്രായമിട്ടും ഇവർക്ക് മക്കളില്ലായിരുന്നുവെന്ന ദു:ഖം ഇവരെ അലട്ടികൊണ്ടിരുന്നു. ഈയൊരു കാരണത്താൽ ഇവർ വളരെയേറെ പരിഹാസത്തിന് പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ട്. എന്തിനേറെ മച്ചിയാണെന്ന കാരണത്താൽ ദൈവാലയത്തിൽ ഇവർ അർപ്പിച്ച വഴിപാടിനെ പുരോഹിതൻ നിരസിച്ചതായി പറയപ്പെടുന്നു. ഇതിൽ വളരെ ദു:ഖിതരായിരുന്നു യൂയാക്കിമും, ഹന്നായും. നാല്പതു ദിവസം ഉപവസിച്ച് പ്രാർത്ഥിക്കുകയും തങ്ങൾക്ക് ഒരു കുഞ്ഞിനെ ലഭിച്ചാൽ ആ കുഞ്ഞിനെ ദൈവശുശ്രൂഷക്കായി നല്കാമെന്ന് ദൈവത്തോട് കരഞ്ഞ് പറയുകയും ചെയ്ത് ധ്യാനിച്ചിരുന്നു. ധ്യാന നിരതരായിരുന്ന ഇവരുടെ അടുക്കൽ ഒരു മാലാഖ വന്ന് *നിങ്ങളുടെ പ്രാർത്ഥന ദൈവം കേട്ടു ഗർഭത്തിലെ ശിശുവിനെ ലോകമെല്ലാം ഭാഗ്യവതിയെന്ന് പുകഴ്ത്തുമെന്നും പറഞ്ഞു.*

ഇവർ പിന്നെ കുഞ്ഞിന് മറിയാം എന്ന് പേരിട്ട് വളർത്തി. കുഞ്ഞിന് മൂന്ന് വയസ്സായപ്പോൾ അവരുടെ മുൻ തീരുമാനമനുസരിച്ച് കുഞ്ഞിനെ ദൈവാലയത്തിൽ സമർപ്പിച്ചു. യഹൂദ പാരമ്പര്യമനുസരിച്ച് പുരോഹിതന്മാരുടെ മേൽ നോട്ടത്തിൽ ദൈവാലയത്തിൽ സമർപ്പിക്കപ്പെടുന്ന ശിശുക്കൾ ശിശുഗ്രഹത്തിൽ താമസിക്കുന്ന പതിവുണ്ടായിരുന്നു.

മറിയാമിനെ ദൈവാലയത്തിൽ നിന്നും മാറ്റിപാർപ്പിക്കേണ്ട സാഹചര്യം വന്നപ്പോൾ മറിയാമിൻെറ പതിമൂന്നാം വയസ്സിൽ നീതിമാനായ യൗസേഫിന് വിവാഹ നിശ്ചയം ചെയ്തു കൊടുത്തു. മറിയാമിൻെറ ദൈവാലയ ജീവിത കാലത്തിൽ തൻെറ വൃദ്ധരായിരുന്ന മാതാപിതാക്കൾ യുയാക്കീമും, ഹന്നായും മരിച്ച് യരുശലേമിൽത്തന്നെ കബറടക്കപ്പെട്ടു. അവരുടെ ഭവനം ഉണ്ടായിരുന്നിടത്ത് നാലാം നൂറ്റാണ്ടിൽ ഹെലനി രാജ്ഞി ഒരു ദൈവാലയം പണികഴിപ്പിച്ചുവെങ്കിലും ഒമ്പതാം നൂറ്റാണ്ടിൽ ഈ ദൈവാലയം മുസ്ലീം അധീനതയിലായി. 1889 മാർച്ച് 18-ാം തീയ്യതി ഇവരുടെ കബറിടങ്ങൾ വീണ്ടും കണ്ടെടുക്കപ്പെട്ടു. എല്ലാ വർഷവും സെപ്റ്റംബർ ഒമ്പതാം തീയ്യതി ഈ വിശുദ്ധരുടെ ഓർമ്മ സുറിയാനി സഭ കൊണ്ടാടുന്നു. ഈ വിശുദ്ധ മാതാപിതാക്കളുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ........

ലേഖകൻ: എം. കെ പൗലോസ്.

## നവ ദമ്പതികൾ

നമ്മുടെ ഇടവാകാംഗങ്ങളായ ഷേണി അബ്രഹാമും *[S-049]*, ഷെബിൻ ജോർജ്ജും *[d/o Mrs.& Mr. George Thomas [G-001]* തമ്മിൽ 17-08-2009-ന് വടക്കൻ പറവൂർ സെൻറ് തോമസ്സ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് വിവാഹിതരായി. നവ ദമ്പതികൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.













Summer class finale







Summer class finale



# സെപ്റ്റംബർ 14 സ്ലീബാ പെരുന്നാൾ

മനുഷ്യ പുത്രൻെറ അടയാളം

മറുരൂപ പെരുന്നാളിനെ തുടർന്നുള്ള ഞായറാഴ്ചകൾ അവസാനിച്ചിരിക്കുന്നു. താബോറിൻെറ പ്രകാശത്തിൽ നാം രൂപാന്തരപ്പെട്ട് പ്രകാശിതരായിത്തീർന്നിരിക്കുന്നു. ഇപ്പോൾ ആ പ്രകാശത്തോടുകൂടി ക്രൂശിൻെറ അഥവാ ക്രൂശിക്കപ്പെട്ടവൻെറ അടുത്തേക്കു നാം പ്രവേശിക്കുകയാണ്. പുനരുത്ഥാനത്തിൻേറയും സ്വർഗ്ഗാരോഹണത്തിൻേറയും പ്രകാശത്തിൽ ഈ ക്രൂശിക്കപ്പെട്ടവനെ നാം വീക്ഷിക്കുന്നില്ലെങ്കിൽ നമ്മുടെ തേജസ്സ് അസ്തമിച്ചു പോകും ദിവസത്തിൽ നാം ക്രൂശിൻെറ മഹത്വവും തേജസ്സും അതോടൊപ്പം തന്നെ ക്രൂശിക്കപ്പെട്ടവൻെറ മാഹാത്മ്യം ദർശിക്കുന്നു.

ക്രിസ്ത്വാബ്ദം 312–ൽ കുസ്തന്തീനോസ് ക്ളേറോസിൻെറ മകനായ കുസ്തന്തീനോസ് റോമാചക്രവർത്തി ആയിരിക്കുമ്പോൾ അയാളുടെ അളിയനായ മക്സിമിണാസ് യുദ്ധത്തിൽ വിജയിക്കുകയും അയാൾ റോമൻ സാമ്രാജ്യത്തിൻെറ ഏകാധിപതി ആയിത്തീരുകയും ചെയ്തു. അക്രൈസ്തവനും പരാജിതനുമായ കുസ്തന്തീനോസ് ദു:ഖത്തോടുകൂടി റോമിലെ ഒരു ദേവനെ ആരാധിക്കുവാൻ തുടങ്ങി. അങ്ങനെയിരിക്കവെ ഉച്ച സമയത്ത് ഒരു മാലാഖ അദ്ദേഹത്തിന് കയ്യിൽ ഒരു കുരിശുമായി പ്രത്യക്ഷപ്പെടുകയും ഈ അടയാളത്താൽ അങ്ങ് ജയിക്കുമെന്ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. കുസ്തന്തീനോസ് രാജാവ് ഇതിൽ വിശ്വസിക്കുകയും തൻെറ പതാകയിന്മേലും ഈ അടയാളം നിർമ്മിക്കുകയും യുദ്ധത്തിനു പുറപ്പെടുകയും ചെയ്തു. ഇതിനാൽ അദ്ദേത്തിൻെറ ശത്രുക്കൾ പരാജിതരാകുകയും ശത്രുസൈന്യങ്ങളെല്ലാം ടൈബർ നദിയിൽ മുങ്ങിമരിക്കുകയും ചെയ്തു. അതിനാൽ തനിക്കു കിട്ടിയ വിജയം യഥാർത്ഥ ദൈവത്തിൽ നിന്നാണെന്ന് രാജാവ് വിശ്വസിക്കുകയും, ക്രിസ്തുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ക്രിസ്ത്വാബ്ദം 313–ൽ താൻ ക്രിസ്താനികൾക്കെല്ലാം പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും റോം, അന്ത്യോഖ്യ, യെരുശലേം എന്നിവിടങ്ങളിൽ ഭംഗിയായ ദൈവാലയങ്ങൾ പണിയുകയും 323–ൽ വി. മാമ്മോദീസാ ഏൽക്കുകയും ചെയ്തു. 326–ൽ ഒരു സ്വപ്ന പ്രകാരം തൻെറ മാതാവായ ഹെലനി രാജ്ഞി യെരുശലേമിലേക്കു വരികയും കർത്താവിൻെറ കുരിശിനെക്കുറിച്ചു അന്വേഷിക്കുകയും ചെയ്തു. ഇതിൻെറ ഫലമായി 3 കുരിശുകൾ കണ്ടെത്തപ്പെടുകയും മരിച്ച ഒരാളെ ജീവിപ്പിച്ച അതിശയത്തിൽ കർത്താവിൻെറ ക്രൂശ് തിരിച്ചറിയുകയും അവിടുത്തെ മെത്രാപ്പോലീത്തയായിരുന്ന മക്കാറിയോസ് അവിടെ കൂടിയിരുന്ന ജനങ്ങളെ വി. ക്രൂശിനാൽ വാഴ്ത്തി അനുഗ്രഹിക്കുകയും കബർ ദൈവാലയത്തിൽ ഭദ്രമായി സൂക്ഷിക്കുകയും ചെയ്തു. ഹെലനി രാജ്ഞി മനോഹരമായി കബർ ദൈവാലയം പണിയിപ്പിച്ചിരുന്നു. ഏ.ഡി. 336 സെപ്റ്റംബർ 14–നു നാനഭാഗങ്ങളിൽ നിന്നും വന്നു ചേർന്ന മെത്രാപ്പോലീത്തൻമാരുടേയും ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിൽ ആ കബർ ദൈവാലയം കൂദാശ ചെയ്യുകയും സാഘോഷം കുരിശുമരത്തെ ആഘോഷിച്ചു ബഹുമാനിച്ചു വന്ദിക്കുകയും ഓരോ മെത്രാപ്പോലീത്താമാരും കുരിശുമരത്തിൽ നിന്നും

ഓരോ ഭാഗം എടുക്കുകയും അവർ തിരിച്ചു പോകുന്നതിനു മുമ്പായി എല്ലായിടത്തും ഈ ദിനം ആഘോഷിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. കഷ്ടാനുഭവാഴ്ചയിലും, മറുരുപ പെരുന്നാളിലും കുരിശു മരത്തെ ആപള്ളിയിൽവച്ച് ആഘോഷിക്കുകയും ചെയ്യുക പതിവായിരുന്നു. മറ്റു പള്ളികളിലും വെവ്വേറേ നിർമ്മിതമായ കുരിശുകൾ ഈ ഉപയോഗത്തിനായി ഉപയോഗിച്ചു വരുന്നു. ആകയാൽ ഈ പെരുന്നാൾ ആഘോഷിക്കുമ്പോഴെല്ലാം വി.ക്രൂശ് ഭുത-വർത്തമാന-ഭാവി കാലങ്ങളെ നമ്മെ അനുസ്മരിപ്പിക്കുന്നു. പ്രത്യേകിച്ച് കുസ്തന്തീനോസ് രാജാവിൻെറ വിജയവും, വി. സ്ലീബായുടെ കണ്ടെത്തലും ഉർശ്ലേം ദൈവാലയത്തിൻെറ ശുദ്ധീകരണവുമാണ് ഈ ദിവസത്തിൽ നാം ആഘോഷിക്കുന്നത്.

<u>കുരിശ് മൂന്ന് കാലങ്ങളിൽ</u>

1-കുരിശ് ഭൂതകാലത്തിൽ: ഏദനിലെ ജീവൻെറ വൃക്ഷം, യാക്കോബിനെ അനുഗ്രിക്കുന്ന കൈകൾ,(ഉല്പ. 48:1, 50:20) മോശയുടെ വടി പിച്ചള സർപ്പം ദാവീദിൻെറ കവണയും കല്ലും വി. ക്രൂശിനെ അനുസ്മരിപ്പിക്കുന്നു.

2-കുരിശു വർത്തമാന കാലത്തിൽ: കുരിശിനാൽ സഭയുടെ വി. കൂദാശകൾ ശുദ്ധീകരിക്കപ്പെടുകയും അതിനാൽ സകല അനുഗ്രഹങ്ങളും നൽകുകയും സാത്താനെ പരാജിതനാക്കുകയും സ്ലീബായെ ധ്യാനിച്ച് അതിന്മേൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് ആഘോഷിക്കുകയും ചെയ്യുന്നു.

3-കുരിശു ഭാവികാലത്തിൽ: സ്ലീബാ മനുഷ്യപുത്രൻെറ ഒരു ലക്ഷണമാണ്. അതുകൊണ്ട് തൻെറ രണ്ടാമത്തെ വരവിങ്കൽ മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടുകയും വിശ്വാസികൾക്കു മഹിമയും അവിശ്വാസികൾക്കു ലജ്ജയും ആയിത്തീരുകയും

<u>കുരിശിലുള്ള യഥാർത്ഥ പ്രശംസ</u>

യഹൂദർ ന്യായപ്രമാണത്തിലും, ദൈവാലയത്തിലും, പുറജാതികൾ തത്വശാസ്ത്രത്തിലും സംസക്കാരത്തിലും പ്രശംസിക്കുന്നു. ഇവയെല്ലാം മായയാകുന്നു. <u>*കുരിശിലല്ലാതെ എനിക്കു പ്രശംസിപ്പാൻ ഇടയാകരുത് (ഗലാ.6:14).*</u> ക്രിസ്താനിയുടെ പ്രശംസ ക്രൂശിലാകുന്നു.

<u>5-പ്രായോഗികം</u>

ഇന്നു കുസ്തന്തീനോസീനോടും ഹെലനിയോടും സർവ്വസഭയോടും കൂടി നമുക്കും സന്തോഷിക്കാം. രാജാവിനുണ്ടതായ വിജയം നമുക്കും ഉണ്ടാകണം. വളരെ താത്പര്യത്തോടുകൂടി കർത്താവിൻെറ ക്രൂശിനെ കണ്ടെത്തുവാൻ തന്റെ 80-ാമത്തെ വയസ്സിൽ ഇറങ്ങിത്തിരിക്കുകയും തന്റെ ഉത്സാഹത്തേയും സ്നേഹത്തേയും പ്രത്യക്ഷപ്പെടുത്തുകയും ചെയ്തതുപോലെ നാമും പ്രത്യക്ഷപ്പെടുത്തണം. യെരുശലേമിലേക്കു കുരിശിനെ അന്വേഷിച്ചു നാം പുറപ്പെടേണ്ട. എന്തെന്നാൽ കുരിശിക്കപ്പെട്ടവൻ നമ്മുടെ ഹൃദയങ്ങളിൽ അദ്ദേത്തെ നിക്ഷേപിക്കണം. അങ്ങനെ കുരിശുവഴിയായും കൂദാശകളുടെ അനുഭവങ്ങൾ വഴിയായും ദിവ്യശുശ്രൂഷകളാലും അദ്ദേഹത്തെ വഴിയായും നമുക്കു അനുഭവപ്പെടുത്താം.

പുണ്യശ്ലോകനായ മോർ ക്രിസോറ്റമോസ് സലാമാ മെത്രാപ്പോലീത്താ രചിച്ചത്.







എട്ടു നോമ്പ് പെരുന്നാളും സുവിശേഷ
യോഗവും വിവിധ ദൃശ്യങ്ങൾ







# എട്ടു നോമ്പിൻെറ ചരിത്രം

എട്ടുനോമ്പിന്റെ ചരിത്രം അവ്യക്തമാണ്. ഇതിനെ സംബന്ധിച്ച് ആരും എഴുതിയിട്ടില്ല. സ്വന്ത പരിശ്രമം കൊണ്ട് കണ്ടിട്ടുള്ള കാര്യങ്ങൾ താഴെ ചേർക്കുന്നു.

1–ഈ നോമ്പിന് സഭാപരമായ എന്തെങ്കിലും ഒരു തടസ്സം ഉണ്ടായിരിക്കണം.

2–മലങ്കര സഭയില്ലാതെ ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലോ, ശീമയിലോ ഈ നോമ്പിനെ ഇപ്പോൾ ആരും ആചരിക്കുന്നില്ല. മലങ്കരസഭയിൽ മദ്ധ്യനൂറ്റാണ്ടിൽ നെസ്തോറിയരും അവസാനക്കാലത്ത് കല്കദോന്യരും അഥവാ റോമാക്കാരും അല്ലാതെ ആരും പ്രവേശിച്ചിട്ടില്ല. ഈ നോമ്പ് ദൈവമാതാവിൻേറതാകയാൽ ഇതിന് ഒരു നെസ്തോറിയ തടസ്സം പ്രതീക്ഷിക്കാൻ പാടില്ല. റോമാസഭയുടെ ചരിത്രത്തിലും ഇങ്ങനെ ഒരാചാരം കാണുന്നില്ല. അതുകൊണ്ട് ശീമയിലെ സുറിയാനി സഭ പണ്ടേ ആചരിച്ചു വന്നിരുന്നതും പിൽക്കാലത്ത് മലങ്കരസഭയൊഴിച്ച് അഥവാ മലങ്കര സഭയിലെ ചില പള്ളികളൊഴിച്ച് എല്ലാവരും മറന്നുപോയിട്ടുള്ളതുമായ ഒരു നോമ്പ് ഉണ്ടായിരിക്കണം. ദൈവമാതാവിൻെറ കൂട്ടത്തിലുണ്ടായിരുന്ന യുവതികൾ ഒരു പ്രത്യേക നോമ്പ് ആചരിച്ചിട്ടുണ്ടായിരുന്നു എന്നാണ് സുറിയാനി സഭയുടെ പാരമ്പര്യം. നമ്മുടെ എട്ടുനോമ്പാചരണത്തിലും സ്ത്രീകളാണ് മുന്നിട്ടു നിൽക്കുന്നത് എന്നുള്ളത് സ്മരണീയമാണ്. ഇതര ക്രൈസ്തവ വിഭാഗങ്ങൾ ഈ നോമ്പിനെ ഉപേക്ഷിച്ചിട്ടും സുറിയാനി സഭ അതിനെ ശ്രേയസ്ക്കരമാം വിധം കൊണ്ടാടുന്നതിൽ നിന്നും ദൈവമാതാവിനോടുള്ള ഭക്തിയിൽ സുറിയാനി സഭക്ക് എത്രമാത്രം ഉറപ്പായ വിശ്വാസം ഉണ്ടെന്ന് മനസ്സിലാക്കാം. ഒരു പക്ഷേ ദൈവമാതാവിനെ ഗർഭം ധരിച്ചിരുന്ന അവസരത്തിലും മാതാവിൻെറ ജനന സമയത്തും യൂയാക്കിംമും ഹന്നായും ആചരിച്ചു എന്നു പറയുന്ന നോമ്പ് ഇതായിരിക്കുമോ?

3–ചരിത്രത്തിൽ സ്ത്രീകളുടെ നോമ്പ് അഥവാ കന്യകമാരുടെ നോമ്പ് എന്ന പേരിൽ അറിയപ്പെടുന്ന രണ്ടു നോമ്പുകൾ ഉണ്ട്.

1–പേർഷ്യയിലെ ചക്രവർത്തിയായിരുന്ന കെസ്രുഅബ്രവീസിൻെറ കാലത്തും(ഏ.ഡി. 590). 2– ദമസ്ക്കോസിലെ കലീഫയായിരുന്ന അബ്ദുൾ മാലിക്ക് ബാർ മർവാലിൻെറ കാലത്തും ആയിരുന്നു.

രണ്ടു സംഭവങ്ങളും ഒരേ രീതിയിലും ഒരേ സ്ഥലത്തും ആയിരുന്നു. ഒരു പക്ഷേ രണ്ടും ഒന്നായിരിക്കണം. കെസ്രു രാജാവിൻെറ കാലത്ത് ഉണ്ടായിരുന്ന നോമ്പ് അബ്ദുൾ മാലിക്കിൻെറ കാലത്ത് പുതുക്കപ്പെട്ടു എന്നു ചരിത്രം പറയുന്നു(ബാർ എബ്രായാ). ഏതായാലും ഈ നോമ്പ് പൗരസ്ത്യർക്ക് അതായത് ഇറാക്കിൽ താമസ്സിക്കുന്നവർക്ക് മാത്രമായിരുന്നുവെന്നുള്ളത് സ്മരണീയമാണ്. ഈ നോമ്പാചരണത്തിന് താഴെപറയുന്ന രീതിയിൽ സംഗ്രഹിക്കാം. ഹെയിറാ അല്ലെങ്കിൽ ഹിർറ്റോ എന്നൊരു പട്ടണം ഇപ്പോൾ ബസ്രാ എന്നറിയപ്പെടുന്ന പട്ടണത്തിനടുത്തുണ്ടായിരുന്നു. ആ പട്ടണവാസികൾ ക്രിസ്താനികൾ ആയിരുന്നു. അവിടുത്തെ സ്ത്രീകൾ വളരെ സുന്ദരികളായിരുന്നുവെന്ന് കെസ്രുരാജാവിന് അറിവുകിട്ടി അവിടെയുള്ള കന്യകമാരെ എല്ലാവരേയും പിടിച്ച് രാജാവിൻെറ അടുക്കലേക്ക് അയക്കണമെന്ന് രാജാവിന് കല്പന കിട്ടി. അവിടുത്തെ കിസ്താനികൾ

പള്ളിയിൽ കൂടുകയും ദൈവതിരുമുമ്പാകെ ഉപവസിച്ച് പ്രാർത്ഥിക്കുകയും ആ കോപം അവരിൽ നിന്നും വിലക്കുവാനായി ദൈവമാതാവിൻെറ മദ്ധ്യസ്ഥത യാചിക്കുകയും ചെയ്തു. അവസാന ദിവസത്തിൽ വി. കുർബ്ബാന സമയത്ത് രാജാവ് മരിച്ചുവെന്ന് അവിടുത്തെ മെത്രാപ്പോലീത്താക്ക് വെളിപാടുണ്ടായി. പിറ്റേദിവസം ഈ വാർത്ത സ്ഥിരീകരിക്കപ്പെട്ടു. അങ്ങനെ സത്യ വിശ്വാസികളായ ജനങ്ങൾ രാജകോപത്തിൽ നിന്നും രക്ഷപ്പെട്ടു. ഇങ്ങനെ കിഴക്കൻ ഭാഗങ്ങളിൽ ആ നോമ്പ് വിശ്വാസികൾ തുടർച്ചയായി ആചരിക്കുവാൻ തുടങ്ങി. ഇതാണ് ചരിത്രവും പാരമ്പര്യവും. എന്നാൽ ഹിർത്തോ പട്ടണം നശിപ്പിക്കുകയും ക്രിസ്താനികൾ സംഹരിക്കപ്പെടുകയും ചെയ്തപ്പോൾ ആ നോമ്പു നിന്നു പോയിരിക്കണം. എന്നാൽ അവരുടെ പെരുന്നാളുകൾ സുറിയാനി കലണ്ടറുകളിൽ കാണുന്നത് അർത്ഥവത്തായ ഒരു തെളിവാണ്. സെപ്റ്റംബർ 1–ൻെറ ആചരണത്തെപറ്റി കലണ്ടർ ഇങ്ങനെ സാക്ഷിക്കുന്നു.

<u>രക്ത സാക്ഷിണികളായ രണ്ടു സ്ത്രീകൾ</u>

എന്നാൽ സെപ്റ്റംബർമാസം 8–ാം തീയ്യതി ദൈവമതാവിൻെറ ജനനവും അവളുടെ മാതാപിതാക്കളുടെ ഓർമ്മയും വി സഭ ആചരിക്കുന്നത് അർത്ഥവത്താണ്. ഈ സംഭവവും ഇപ്പോഴത്തെ നോമ്പും തമ്മിലുള്ള ബന്ധം ഇതാണെങ്കിൽ ഇൻഡ്യയിൽ ഈ ആചരണം എങ്ങിനെ വന്നു എന്നറിയേണ്ടതാണ്. മൂന്നാം നൂറ്റാണ്ടിൽ ബസ്രായുടെ എപ്പിസ്ക്കോപ്പയായിരുന്ന വി. ദാവീദ് തൻെറ സിംഹാസനം ഉപേക്ഷിച്ച് ഇൻഡ്യയിൽ വരികയും സുവിശേഷ പ്രവർത്തനം നടത്തുകയും ചെയ്തു എന്ന് ചരിത്രമുണ്ട്. ഈ തെളിവുകൾ പുരാതന ഇൻഡ്യയും ശീമയും തമ്മിലുള്ള ദൃഢബന്ധത്തിൻെറ തെളിവാണ്. നാലാം നൂറ്റാണ്ടിൽ ഉറഹായിൽ നിന്ന് ക്നാനയക്കാരും, എട്ടാം നൂറ്റാണ്ടിൽ ഉറഹായിൽ നിന്ന് മറ്റൊരു സംഘവും വന്നിട്ടുണ്ടെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ഈ രണ്ടു സംഘങ്ങൾ വഴിയായിട്ട് ഈ നോമ്പ് ഇൻഡ്യയിൽ പ്രചാരത്തിൽ വന്നിരിക്കണം. സഭയുടെ കാനോനിക ഉപവാസങ്ങളിൽപ്പെടാത്തതുകൊണ്ട് അതിൻെറ ആചരണം പൊതുവായിരുന്നില്ല. ഏതായാലും ആ യുവതികളുടെ ചരിത്രം സ്ത്രീകളുടെ ഇടയിലുള്ള ആചരണവും തമ്മിൽ പൊരുത്തമുണ്ടെന്നുള്ളതിൽ സംശയമില്ല. എന്നിരുന്നാലും പരിശുദ്ധ സഭ പൊതുവിനടുത്തതും വ്യക്തിപരവുമായ നോമ്പുകൾ പ്രോത്സാഹിപ്പിക്കുന്നത് നല്ല കാര്യമാണ്. ഈ നോമ്പുകൊണ്ട് പല പള്ളികളിലും ഉണർവ്വും, രോഗശാന്തിയും, പല നൽവരങ്ങളും ഉണ്ടാകുന്നുണ്ട് എന്നുള്ളതിൽ സംശയമില്ല.

ഈ നോമ്പ് ദൈവമാതാവിൻെറ ജനനത്തോടുകൂടി അവർ കാണിക്കുന്നതുകൊണ്ടും മാതൃജനനത്തെക്കുറിച്ച് ചില തെറ്റിധാരണകൾ ഉള്ളതുകൊണ്ടും അതിനെ സംബന്ധിച്ച് ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ? യുയാക്കിമിൽ നിന്നും ഹന്നായിൽ നിന്നുമുള്ള ജനനപ്പെരുന്നാൾ ആചരിക്കുന്നതുകൊണ്ട് വി. സഭ അമലോത്ഭവം എന്ന വേദ വിപരീതം അംഗീകരിക്കുന്നുവെന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ ഈ പെരുന്നാൾ സഭ ആചരിക്കുന്നത് മാതാവിൻെറ ജനനത്തിൻെറ ഓർമ്മക്കായിട്ടാണ്. അല്ലെങ്കിൽ മാതാപിതാക്കളോടുള്ള അഭിനന്ദനമായിട്ടാണ്. ഉത്ഭവമായിട്ടല്ല. ഉത്ഭവും ജനനവും വത്യസ്തമായ കാര്യങ്ങളാണല്ലോ? അതുകൊണ്ട് അമലോത്ഭവം എന്ന വേദ വിപരീതം സുറിയാനി സഭയുടെ വിശ്വാസങ്ങളെ ബാധിക്കുന്നില്ല എന്ന് സ്പഷ്ടം.





എട്ടു നോമ്പു പെരുന്നാളും സുവിശേഷ യോഗവും വിവിധ ദൃശ്യങ്ങൾ









## Do Not……..

Do not allow a sorceress to live Exodus 22:18

Do not mistreat an alien or oppress him, for you were aliens in Egypt. Exodus 22:21

Do not take advantage of a widow or an orphan Exodus 22:22

If you lend money to one of my people among you who is needy, Do not be like a moneylender; charge him no interest. Exodus 22:25

Do not blaspheme God or curse the ruler of your people. Exodus 22:28

Do not hold back offerings from your granaries or your vats. "You must give me the firstborn of your sons Exodus 22:29

Do not eat the meat of an animal torn by wild beasts; throw it to the dogs. Exodus 22:31

Do not spread false reports. Do not help a wicked man by being a malicious witness. Exodus 23:1

Do not follow the crowd in doing wrong. When you give testimony in a lawsuit, do not pervert justice by siding with the crowd Exodus 23:2

Do not show favouritism to a poor man in his lawsuit. Exodus 23:3

If you see the donkey of someone who hates you fallen down under its load, do not leave it there; be sure you help him with it. Exodus 23:5

Do not deny justice to your poor people in their lawsuits. Exodus 23:6

Do not put an innocent or honest person to death, for I will not acquit the guilty. Exodus 23:7

Do not accept a bribe, for a bribe blinds those who see and twists the words of the righteous Exodus 23:8

Six days do your work, but on the seventh day do not work, so that your ox and your donkey may rest and the slave born in your household, and the alien as well, may be refreshed Exodus 23:12

Do not invoke the names of other gods; do not let them be heard on your lips. Exodus 23:13

Do not offer the blood of a sacrifice to me along with anything containing yeast. "The fat of my festival offerings must not be kept until morning. Exodus 23:18

Do not cook a young goat in its mother's milk Exodus 23:19

Do not rebel against him; he will not forgive your rebellion, since my Name is in him. Exodus 23:21

Do not bow down before their gods or worship them or follow their practices. You must demolish them and break their sacred stones to pieces. Exodus 23:24

Do not make a covenant with them or with their gods. Exodus 23:32

Do not let them live in your land, or they will cause you to sin against me, because the worship of their gods will certainly be a snare to you." Exodus 23:33

Do not offer on this altar any other incense or any burnt offering or grain offering, and do not pour a drink offering on it. Exodus 30:9

Do not pour it on men's bodies and do not make any oil with the same formula. It is sacred, and you are to consider it sacred. Exodus 30:32

Do not make any incense with this formula for yourselves; consider it holy to the LORD. Exodus 30:37

Do not worship any other god, for the LORD, whose name is Jealous, is a jealous God. Exodus 34:14

Do not make cast idols. Exodus 34:17

Do not offer the blood of a sacrifice to me along with anything containing yeast, and do not let any of the sacrifice from the Passover Feast remain until morning. Exodus 34:25

Do not light a fire in any of your dwellings on the Sabbath day Exodus 35:3

Do not leave the salt of the covenant of your God out of your grain offerings; add salt to all your offerings. Leviticus 2:13

'Do not eat any of the fat of cattle, sheep or goats. Leviticus 7:23

Do not leave the entrance to the Tent of Meeting for seven days, until the days of your ordination are completed, for your ordination will last seven days Leviticus 8:33

*Collected by SAI Manarcadu.*

## അവസാനം, വിശ്വസ്തതയുടെ വിത്ത് മുളച്ചു!

കാലങ്ങൾക്കു മുമ്പ് വിശ്വസ്തനായ ഒരു രാജാവ് കിഴക്കൻ ദേശത്തെ ഭരിച്ചിരുന്നു. പ്രായമായപ്പോൾ, തന്റെ പിൻഗാമി ആരായിരിക്കണമെന്ന ചിന്ത അദ്ദേഹത്തെ ഭരിച്ചു. ഒരു മകൻ മാത്രമേ ആ രാജാവിനുണ്ടായിരുന്നുള്ളു. പക്ഷേ, തന്റെ മകനെ വിശ്വസിക്കുവാൻ കൊള്ളാത്തവനാകയാൽ അനന്തരാവകാശിയാക്കുവാൻ അദ്ദേഹത്തിന് താല്പര്യമില്ലായിരുന്നു. അവസാനം, തന്റെ പ്രജകളെ ഭരിച്ചു നടത്തുവാൻ വിശ്വസ്തനായ ഒരാളെ തന്റെ രാജ്യത്തുനിന്നു തന്നെ കണ്ടെത്തുവാൻ അദ്ദേഹം തീരുമാനിച്ചു.

ഒരിക്കൽ, തന്റെ പ്രജകളിൽ യൗവ്വനക്കാരായ ചിലരെ അദ്ദേഹം കൊട്ടാരത്തിൽ വരുത്തിയിട്ടു പറഞ്ഞു: 'എനിക്ക് പ്രായമായതുകൊണ്ട് ഈ രാജ്യം ഭരിക്കുവാൻ നിങ്ങളിൽ നിന്നും ഒരാളെ എന്റെ അനന്തരാവകാശിയായി തിരഞ്ഞെടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.'' രാജാവിന്റെ വാക്കുകൾ ആ ചെറുപ്പക്കാരിൽ ഞെട്ടലുളവാക്കി! എങ്കിലും, രാജാവ് തുടർന്നു: 'നിങ്ങളിൽ ഓരോരുത്തർക്കും ഞാൻ ഓരോ വിത്ത് നൽകുവാൻ ആഗ്രഹിക്കുന്നു. വീട്ടിൽ ചെന്നാലുടൻ ആ വിത്ത് നിങ്ങൾ കുഴിച്ചിടണം. അടുത്ത വർഷം ഈ ദിവസം ആ വിത്തിൽ നിന്നുണ്ടാക്കിയ നേട്ടവുമായി നിങ്ങൾ എന്നെ വന്നു കാണണം. നിങ്ങളുടെ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ തിരഞ്ഞെടുക്കുന്ന വ്യക്തി എന്റെ അനന്തരാവകാശി ആകുന്നതാണ്.''

ആ ചെറുപ്പക്കാർ എല്ലാവരും തങ്ങൾക്ക് ലഭിച്ച വിത്ത് പ്രത്യേകം തയ്യാറാക്കിയ ചെടിച്ചട്ടികളിൽ കുഴിച്ചിട്ടു. ആ കൂട്ടത്തിൽ റിച്ചാർഡ് എന്ന വ്യക്തി നടന്നതെല്ലാം തന്റെ മാതാവിനോടു വിവരിച്ചുപറഞ്ഞു. വിത്തു കുഴിച്ചിടുവാൻ ആ മാതാവ് തന്റെ മകനെ സഹായിച്ചു. റിച്ചാർഡ് ദിനംതോറും അതിനെ നനയ്ക്കുകയും മുളപൊട്ടുന്നുണ്ടോ എന്ന് നോക്കുകയും പതിവാക്കി.

ആഴ്ചകൾ കഴിഞ്ഞപ്പോൾ റിച്ചാർഡിന്റെ പരിയചയക്കാരിൽ വിത്തുലഭിച്ചവരെല്ലാം തങ്ങളുടെ ചെടി വളരുന്നതിനെക്കുറിച്ച് പറയുവാൻ തുടങ്ങി. പക്ഷേ, റിച്ചാർഡിന്റെ ചെടിച്ചട്ടിയിൽ മുളപോലും കിളിച്ചില്ല.

മാസങ്ങൾ പിന്നിട്ടപ്പോൾ പല ചെറുപ്പക്കാരും അവരുടെ ചെടി പൂവിട്ടകാര്യം വെളിപ്പെടുത്തി. പക്ഷേ, റിച്ചാർഡ്ിന്റെ ചട്ടി അപ്പോഴും കാലിയായിരുന്നു. താൻ ഒരു പരാജയമാണോ എന്ന് റിച്ചാർഡ് ചിലപ്പോളൊക്കെ ചിന്തിച്ചു.

പത്തുമാസം കഴിഞ്ഞപ്പോൾ തങ്ങളുടെ ചെടി കായിച്ച കാര്യം അഭിമാനത്തോടെ പറഞ്ഞ ചെറുപ്പക്കാരുടെ മുമ്പിൽ റിച്ചാർഡ് തലതാഴ്ത്തി നിന്നു. തന്റെ ചെടിച്ചട്ടിയിലെ വിത്ത് ചത്തുപോയെന്ന് തനിക്ക് അതിനോടകം ബോധ്യമായിരുന്നു.

അവസാനം, രാജാവ് നിശ്ചയിച്ച ദിവസമെത്തി. കാലിച്ചട്ടിയുമായി താൻ കൊട്ടാരത്തിലേക്കില്ലെന്ന് റിച്ചാർഡ് തന്റെ മാതാവിനോടു പറഞ്ഞതാണ്. പക്ഷേ, അവർ ആ മകനെ ഉപദേശിച്ചു: 'മകനേ, രാജാവിന്റെ കല്പന അനുസരിക്കുവാൻ നിനക്കു കടപ്പാടുണ്ട്. എന്തായാലും, ആ വിത്ത് കുഴിച്ചിടുന്നതിലും ദിനംതോറും നനയ്ക്കുന്നതിലും നീ വിശ്വസ്തത പുലർത്തിയതിന് ഞാൻ സാക്ഷിയാണ്.

(തുടരും...)

# NEW FACES TO OUR PARISH

Gijo K Paul [G-030]

Kottukudiyil House, Keezhillam P.O

Perumbavoor-Ernakulam, +91-484-2652692

St. George J S O Church, Mannoor, Angamali Diocese

Present Address: C\o Yara Kanoo,

P.O Box: 119, Manama, 39587807



Joby N Baby [J-078]

Njalpakkil House, Kadungamangalam P.O

Thiruvankulam - Ernakulam, +91-484-2713683

St. George J S O Cathredral, Karingachira, Kochi Diocese

Present Address: Hameed Al Nooh Construction,

P.O Box: 20740, Manama, 36054360



Kurian Paul [K-018]

Kooran Thazhathu Parambil House,

Karayamparambu, Karukutty P.O- 683576

Angamaly-ernakulam, +91-484-2612140

St. Peters J S O Church, Peechanikkad, Angamali Diocese

Present Address: Electricity Control Centre ,

P.O Box: 833, Manama, 38342890



Reji David [R-046]

Mylathottam House,

Vadakkenchery, Kanakamthuruthy P.O

Palakkad [Dist] +91-492-2259830

St. George J S O Church, Thenidukku, Palakkadu,

Thrissur Diocese

Present Address: Brass Welding & Fabrication

Flat 11, Bldg 1400, Road 2835, Manama-328

Mob: 39776305 & 39722313



Renji E Kurian [R-047]
Elamkulathil House,
Edakkatuuvayal P.O- Arakunnam
Ernakulam [Dist] +91-484-2747069
Mor Bahanan J S O Church, Vadayaparambu
Kochi Diocese
Present Address: Y K Alomoyyed & Sons (Nissan Service)
P O Box 143, Manama, Mob: 39791307



Reasen Paul [R-048]
Karammel House,
Piravom P.O- 686664
Ernakulam [Dist] +91-485-2244960
Piravom Valiya Pally, Kandanadu Diocese
Present Address: Gulf Hotel, Adhyla,
Bahrain, Mob: 39040592



Aniyankunju Parayil Geevarghese [A-047]
Parayil House,
Cheravally P.O- Kayamkulam
Alapuzha [Dist] +91-479-2449007
Kadeesa J S O Church, Kayamkulam
Kollam Diocese
Present Address: Alomoyyed Air Conditioning
P O Box 32232, Manama, Mob: 36986804



Mathew V C [M-028]
Vadamattathil House,
Thiruvanchoor P.O- 686037
Kottayam [Dist] +91-481-2770995
St: Mary’s Knanaya Church, Kottayam
Kottayam Diocese
Present Address: Hassan & Habib S\o Mahmood
P O Box 2466, Manama, Mob: 36986804



Sibu John [S-099]



Kooran House,

Angamalyp.O- Angadikadavu

Ernakulam [Dist] +91-484-2452387

St: Mary's J S O Church, Angamaly

Angamaly Diocese

Present Address: Azhar Contracting & Trading

P O Box 50110, Hidd, Bahrain, Mob: 36723517

Subin Mathews [S-100]



Chennenkunnel House,

Thiruvanchoor P.O-

Kottayam [Dist] +91-481-2544395

St: Thomas J S O Church Kottayam

Kottayam Diocese

Present Address: Danzus Bahrain W.L.L

P.O Box 00056, Bahrain, Mob: 36428456

Shinu Alias [S-101]



Chethikattu House,

Azhiyidathu Chira P O, Thiruvalla

Pathanamthitta [Dist]

St: George J S O Cathedral , Kavumbhagam

Niranam Diocese

Present Address: Techno Bite Trading Co

P O Box 891, Manama, Bahrain, Mob: 39103472

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും, മൊർത്ത്–മറിയം വനിതാ സമാജം എല്ലാ ഒന്നും, മൂന്നും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ നാലാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.